നം.കെ.എസ്.എ.പി.റ്റി.എ. പി4/1380/16 തീയതി:. 12.01.2017

പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 16.11.2015 മുതൽ 3.12.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട<br>ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 05-12-2016 മുതൽ<br>17-12-2016 വരെ | ശ്രീ. ജോർജ്ജ്.പി.മാത്യൂ (ഓഡിറ്റ് ഓഫീസർ, ഹ.ഗ്രേ )<br>ശ്രീ. അരുൺ.പി.ബി (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ. ഹരികുമാർ. ബി, (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

| | |
|---|---|
| | |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സാം ഈപ്പൻ | 01.04.15മുതൽ 31.10.15വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.15 മുതൽ 18.11.15 വരെ |
| | ശ്രീമതി ബീന | 19.11.15 മുതൽ 31.03.16 വരെ |
| സെക്രട്ടറി | ശ്രീ. ജി.ഉണ്ണികൃഷ്ണൻ | 01.04.15മുതൽ 31.05.15വരെ<br>(വിരമിച്ചു) |
| | ശ്രീ. കുമാരസ്വാമി. എൻ<br>(അസിസ്റ്റന്റ് സെക്രട്ടറി) (ചാർജ്ജ്) | 01.06.15മുതൽ 21.07.15വരെ |
| | ശ്രീമതി. ശ്രീലേഖ.എൽ.എച്ച് | 22.07.15 മുതൽ 31.03.16 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം.

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ

അനുബന്ധ രേഖകൾ

1) ഓഡിറ്റ് സർട്ടിഫിക്കറ്റ്

2) ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്

3) റസിപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്

4) ബാലൻസ് ഷീറ്റ്

സൂചിക


| ക്രമ നം | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1 | |
| 1 | ബജറ്റ് | 1-1 |
| 2 | സാമ്പത്തിക വിശകലനം | 1-2 |
| 3 | ഫണ്ട് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | തനത് വരുമാനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ | 1-7 |
| 8 | ദുരിതാശ്വാസ നിധി | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മരാമത്ത് പ്രവൃത്തികളിലെ അപാകതകൾ | 1-10 |
| | ഭാഗം-2 | |
| 11 | വസ്തു നികുതി- വൻതുക കുടിശ്ശിക | 2-1 |
| 12 | കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിലെ മാറ്റങ്ങൾക്കനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം | 2-2 |

| | | |
|---|---|---|
| 13 | അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല | 2-3 |
| 14 | വസ്തു നികുതി ഇളവ്- വിമുക്തഭടന്മാരുടെ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടില്ല. | 2-4 |
| 15 | മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല. വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 2-5 |
| 16 | പരസ്യ നികുതി പിരിവ്- അംഗീകൃത ബൈലോ ഇല്ല. | 2-6 |
| 17 | അനധികൃതമായി ഇറച്ചി വിൽപ്പന നടത്തുന്നു | 2-7 |
| | ഭാഗം- 3 | |
| 18 | ക്ഷയരോഗിക്കൾക്കുള്ള പോഷകാഹാര വിതരണ പരിപാടി നടപ്പാക്കിയത് മാർഗരേഖയ്ക്ക് വിരുദ്ധം | 3-1 |
| 19 | സമഗ്ര നെൽകൃഷി വികസന പദ്ധതി - രേഖകൾ സുതാര്യമല്ല | 3-2 |
| 20 | തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്- അധികബാദ്ധ്യത മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നില്ല. | 3-3 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം- അധിക ബാദ്ധ്യത. സാക്ഷരത പ്രേരകിന്റെ ഓണറേറിയം - തനത്ഫണ്ടിൽ ഒടുക്കിയിട്ടില്ല. | 3-4 |
| 22 | സാക്ഷരത പ്രേരകിന്റെ ഓണറേറിയം - തനത്ഫണ്ടിൽ ഒടുക്കിയിട്ടില്ല. | 3-5 |
| 23 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല | 3-6 |
| 24 | മീഡിയശ്രീ പദ്ധതി പൂർത്തീകരിച്ചില്ല. | 3-7 |
| 25 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-8 |
| 26 | ഐ.എ.വൈ. പദ്ധതി വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-9 |
| 27 | എ.ബി.സി. പ്രോഗ്രാം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല | 3-10 |

| | | |
|---|---|---|
| 28 | ഭവനനിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല | 3-11 |
| 29 | സ്ട്രീറ്റ് ലൈൻ നീട്ടൽ - എഗ്രിമെന്റ് പ്രകാരമുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല | 3-12 |
| 30 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി - നടപടിക്രമങ്ങളിൽ അപാകത | 3-13 |
| 31 | മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നല്കി. | 3-14 |
| 32 | മരാമത്തു പ്രവൃത്തി- കുഴിച്ചെടുത്ത മണ്ണിന്റെ അളവ് പ്രവൃത്തിയിൽ കുറവ് ചെയ്തിട്ടില്ല | 3-15 |
| 33 | മരാമത്തു പ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല- രേഖകൾ അപൂർണ്ണം | 3-16 |
| 34 | മരാമത്തു പ്രവൃത്തിയുടെ ഫയലുകൾ ഹാജരാക്കാത്തത്- | 3-17 |
| 35 | ചാത്തങ്കേരി കടവ്- ഐരാമ്പള്ളി റോഡ് പുനരുദ്ധാരണം - അപാകതകൾ | 3-18 |
| 36 | പി.എം.വി സ്കൂൾ - തോപ്പിൽ പോത്തിരിക്കൽ പടി റോഡ് പുനരുദ്ധാരണം - അപാകതകൾ | 3-19 |
| 37 | മാർഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു. | 3-20 |
| 38 | ഭാഗം-4 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 43 | ഓഡിറ്റ് റിക്കവറി | 4-5 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-6 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015 -16 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2015-16 | 27.03.2015 | 24.02.2016 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 11187874 | 12906327 | (+)1718453 |
| വരവ് | 92210611 | 33439377 | (-)58771234 |
| ആകെ | 103398485 | 46345704 | (-)57052781 |
| ചെലവ് | 102025417 | 39621054 | (-)62404363 |
| നീക്കിയിരിപ്പ് | 1373068 | 6724650 | (+)5351582 |

കേരള ഗ്രാമപഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## (1-2) വാർഷിക ധനകാര്യപത്രിക

| ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 15.05.2016 | 20.07.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-3) സാമ്പത്തിക വിശകലനം (റസീപ്റ്റ് ആന്റ് പേമെന്റ്പത്രിക പ്രകാരം)

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 12906327 |
| വരവ് | 33439377 |
| ആകെ | 46345704 |
| ചെലവ് | 39621054 |
| നീക്കിയിരിപ്പ് | 6724650 |

## (1-4) വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 368815 | 6949907 | 7318722 | 7318722 | 0 |
| 2 | വികസനഫണ്ട് എസ്.സി.പി. | 708368 | 3363445 | 4071813 | 4071813 | 0 |
| 3 | വികസനഫണ്ട് ടി.എസ്.പി. | 26000 | ---- | 26000 | 26000 | 0 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 481954 | 4607951 | 5089905 | 5089905 | 0 |
| 5 | ലോക ബാങ്ക് സഹായം | 2522776 | 1037506 | 3560282 | 3560282 | 0 |
| 6 | സംരക്ഷണ ഗ്രാന്റ് - റോഡ് | 999766 | 5591878 | 6591644 | 6591644 | 0 |
| 7 | സംരക്ഷണ ഗ്രാന്റ് - റോഡിതരം | 1215096 | 1403766 | 2618862 | 2618862 | 0 |

*19.09.15-ലെ GO (P) No. 419/2015/Fin നം. ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസന ഫണ്ട്/മെയി.ഗ്രാന്റ് എന്നിവയ്ക്ക് നീക്കിയിരിപ്പ് ഇല്ല.

വികസനഫണ്ട് ജനറൽ - ഇനത്തിലെ വരവു തുകയിൽ ക്രമ നം. 2,3,4,5 എന്നീ ഫണ്ടുകളിൽ നിന്ന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു വന്ന ആകെ തുകയായ 3445095/- രൂപയും ഉൾപ്പെടുന്നു. കൂടാതെ വികസനഫണ്ട് എസ്.സി.പി., ടി.എസ്.പി., ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് സഹായം എന്നീയിനങ്ങളുടെ ചെലവു തുകയിൽ, ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു 563368/- രൂപ, 2600/- രൂപ, 1768777/-രൂപ, 1086950/- രൂപ എന്നിവ ഉൾപ്പെടുന്നു

വകയിരുത്തിയ തുകകൾ യഥാസമയം ചെലവഴിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ചെലവഴിക്കാത്ത തുകകൾ ലാപ്സായി. വിവിധയിനങ്ങളിൽ വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 8403484 | 7304592 | 86.9% |
| വികസനഫണ്ട് എസ്.സി.പി. | 4574368 | 3508445 | 76.7% |
| വികസനഫണ്ട് ടി.എസ്.പി. | 52000 | 0 | 0 % |
| ധനകാര്യ കമ്മീഷൻ അവാർഡ് | 4582708 | 3321128 | 72.5% |
| ലോക ബാങ്ക് ധനസഹായം | 2522776 | 2473332 | 98% |

ടി.എസ്.പി. ഫണ്ട് ചെലവഴിച്ചതേയില്ല എന്ന വിവരം ഗൗരവത്തോടെ വീക്ഷിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## (1-5) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (2015-16 വർഷത്തെ സ്പിൽ ഓവർ പ്രോജക്ടുകൾ) | നടപ്പാക്കാത്തവ |
|---|---|---|---|---|---|
| 133 | 38283060 | 115 | 27323839 | - | 18 |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 9 | 4836552 | 7 | 1809585 | 37.4% |
| സേവനം | 41 | 15219993 | 35 | 10088873 | 66.2% |
| പശ്ചാത്തലം | 83 | 18226515 | 73 | 15425381 | 84.6% |
| ആകെ | 133 | 38283060 | 115 | 27323839 | 71.3% |

<u>നിർബന്ധിത വകയിരുത്തലുകളും ചെലവും</u>

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വനിതാ ഘടക പദ്ധതി | 7 | 3139800 | 1749800 | 55.7% |
| കുട്ടികൾ | 3 | 1620000 | 1443484 | 89.1% |
| ഭിന്നശേഷിയുള്ളവർ | 1 | 400000 | 200000 | 50% |
| പാലിയേറ്റിവ് കെയർ | 1 | 550000 | 364130 | 66.2% |
| യുവജന വികസന പദ്ധതി | 3 | 413500 | 125000 | 30.2% |
| ആശ്രയ | 1 | 120000 | 120000 | 100% |

## (1-6) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3825988 | 3254798 | (-)571190 | 14.9% |
| നികുതിയേതര വരവുകൾ | 3347739 | 3253900 | (-)93839 | 2.8% |

| | | | | |
|---|---|---|---|---|
| മറ്റു വരവുകൾ | 5360441 | 6345565 | (+)985124 | 18.37% |
| ആകെ | 12534168 | 12854263 | (+)320095 | 2.5% |

## (1-7) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 688 | 5829600 |
| വിധവാ പെൻഷൻ | 597 | 6146600 |
| വാർദ്ധക്യകാല പെൻഷൻ | 737 | 6334530 |
| വികലാംഗ പെൻഷൻ | 219 | 2106600 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 31 | 286080 |
| തൊഴിൽ രഹിത വേതനം | 32 | 61680 |

## (1-8) ദുരിതാശ്വാസ നിധി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-9) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2016-ൽ 11.00 A.M-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3085 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (2-1) വസ്തുനികുതി-വൻതുക കുടിശ്ശിക

ഓഡിറ്റ് വർഷത്തെ കണക്കുകൾ പ്രകാരം 34.92 ലക്ഷം രൂപ വസ്തുനികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. മൊബൈൽ ടവറുകളുടേതുൾപ്പെടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാനവശേഷിക്കുന്നു. നികുതി കുടിശ്ശികക്കാർക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങൾ) ചട്ടം-14,15പ്രകാരം നടപടികൾ ആരംഭിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം നികുതി ഈടാക്കുന്നതിനായി ജപ്തി, വ്യവഹാരം, പ്രോസിക്യൂഷൻ എന്നീ നടപടികൾ ആദ്യമായി ആരംഭിക്കാൻ നിയമാനുസൃതം യോഗ്യമായ തീയതി മുതൽ മൂന്നു വർഷക്കാലയളവിൽ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷനോ ആരംഭിക്കാത്ത പക്ഷം ആയത് കാലഹരണപ്പെട്ട് പോകുന്നതാണ്. ഇപ്രകാരം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണം മൂലം പിരിച്ചെടുക്കാൻ കഴിയാതെ വന്നാൽ, ആയത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണെങ്കിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 12% പലിശ സഹിതം ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന്

ഈടാക്കേണ്ടതാണെന്ന് സെക്ഷൻ 243(3)-ൽ വ്യക്തമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശികയുടെ പിരിവ് ഊർജിതമാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ (ക്യാമ്പ് കളക്ഷൻ പോലുള്ളവ) സംഘടിപ്പിക്കേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച് കുടിശ്ശികത്തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുമാണ്.

## (2-2) കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾക്കനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല-പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം നൽകിയിട്ടുള്ള ഡി&ഒ ലൈസൻസുകൾ പരിശോധിച്ചതിൽ പല വാണിജ്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് ഗാർഹികാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് എടുത്ത വ്യക്തിയുടെ പേരും വിലാസവും | വാണിജ്യ സ്ഥാപനത്തിന്റെ പേര് | സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന വാർഡ് | കെട്ടിട നമ്പർ | നിലവിൽ ഈടാക്കുന്ന കെട്ടിട നികുതി |
|---|---|---|---|---|
| ശ്രീ.മുഹമ്മദ് അഷറഫ്.ടി, ലിങ്ക് ഹൈറ്റ്സ്, പനമ്പള്ളി നഗർ, എറണാകുളം | ഓട്ടോഗ്രേഡ് ജംഗ്ഷൻ | V | 323 | 324 |
| ചാക്കോ ചാക്കോ, മട്ടയ്ക്കൽ, കാരയ്ക്കൽ.പി.ഒ, തിരുവല്ല | ജേക്കബ് ഫുഡ് പ്രോഡക്ട്സ് & ഓയിൽ മിൽ | IX | 373 | 56 |
| സജി എബ്രഹാം, മുണ്ടന്താനത്ത്, പെരിങ്ങര | വെജിറ്റബിൾ സ്റ്റോർ | XII | 414 | 293 |
| സോമൻ പിള്ള, പാറ്റൂർ ലക്ഷ്മി നിവാസ്, ആലംതുരുത്തി.പി.ഒ | പാറ്റൂർ ബേക്കറി&സ്റ്റേഷനറി | VII | 29A | 681 |

ഇങ്ങനെ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 203-ാം വകുപ്പ് 10-ാം ഉപവകുപ്പ് പ്രകാരം ഉപയോഗക്രമത്തിലുള്ള വ്യതിയാനം കെട്ടിട ഉടമകൾ 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും 203-ാം വകുപ്പ്, ഉപവകുപ്പ് 16(2),(3) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതിക്ക് കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് മാറ്റമുണ്ടാകുകയാണെങ്കിൽ അതിനനുസൃതമായ ഇളവുകളും വർദ്ധനവുകളും കണക്കിലെടുത്ത് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സെക്രട്ടറി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം ഉപയോഗക്രമ വ്യതിയാനമുള്ള കെട്ടിടങ്ങൾ കണ്ടെത്തേണ്ടതും അതുമൂലമുള്ള വരുമാന നഷ്ടം നിജപ്പെടുത്തി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## (2-3) അൺ എയ്ഡഡ് സ്കൂളുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 207(ബി) വകുപ്പ്, 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമം 4-ാം വകുപ്പ് എന്നിവ പ്രകാരം സർക്കാർ വകയോ, എയ്ഡഡോ, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ ഹയർ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന, സർക്കാർ അംഗീകാരമില്ലാത്ത മോറൻ ഏലിയാസ് നഴ്സറി സ്കൂൾ മേപ്രാൽ, ലൗഡേൽ സ്കൂൾ കാരയ്ക്കൽ എന്നിവയ്ക്ക്, 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം 14.01.2011 മുതൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ടി സ്ഥാപനങ്ങളുടെ വസ്തുനികുതി തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ച് 14.01.2011 മുതലുള്ള കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (2-4) വസ്തുനികുതി ഇളവ്-വിമുക്തഭടന്മാരുടെ അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടില്ല.

വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഇളവുകൾക്ക് ചില നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട്, ജി.ഒ (എം.എസ്സ്) 242 / 2013/ത.സ്വ.ഭ.വ തീയതി 02/07/2013-നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വസ്തുനികുതി ഇളവ് അനുവദിക്കുന്നതിനായി 175 വിമുക്തഭടന്മാർ അപേക്ഷ നൽകിയിരുന്നു. എന്നാൽ ഈ അപേക്ഷകൾ പരിശോധിച്ച് ഇവർക്ക് നികുതിയിളവിനുള്ള അർഹത സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. അപേക്ഷകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കുകയോ തീരുമാനം എടുത്ത് അർഹരായ അപേക്ഷകരെ വസ്തുനികുതിയിൽ നിന്ന് ഓഡിറ്റ് വർഷം ഒഴിവാക്കുകയോ ചെയ്തിട്ടില്ല. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (2-5) മൊബൈൽ ടവറുകളുടെ അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചില്ല-വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകളുടെ നിർമ്മാണം ക്രമവൽക്കരിച്ച് വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനാൽ ഗണ്യമായ വരുമാനനഷ്ടം ഉണ്ടാകുന്നു. ജി.ഒ.(ആർ.റ്റി)നം.19/2011/ത.സ്വ.ഭ.വ., തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഈടാക്കാവുന്ന പുതുക്കിയ വസ്തുനികുതി ച.മീറ്ററിന് 400 രൂപ മുതൽ 500 രൂപ വരെയാണ്. ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങാതെ നിർമ്മാണം നടത്തി പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവറുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നം | ടവറിന്റെ വിവരം |
|---|---|---|
| 1 | II | ബി.എസ്.എൻ.എൽ |
| 2 | VIII | വൊഡാഫോൺ എസ്സാർ ലിമിറ്റഡ് |
| 3 | IX | ബി.എസ്.എൻ.എൽ. |
| 4 | XIV | വൊഡാഫോൺ എസ്സാർ ലിമിറ്റഡ് |
| 5 | VI | റിലയൻസ് കമ്മ്യൂണിക്കേഷൻ |
| 6 | VI | ഇൻഡസ് ടവർ |
| 7 | XI | ഇൻഡസ് ടവർ |
| 8 | XI | ഐഡിയ |

19.10.2014-ലെ 40395/RC2/2014/LSGD നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ അനധികൃതമായി നിർമ്മിച്ചിരിക്കുന്ന മൊബൈൽ ടവറുകൾ കണ്ടെത്തുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ്, കുടിശ്ശിക അടക്കമുള്ള വസ്തു നികുതി എന്നിവ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ അധികൃതർ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. കൂടാതെ 13.02.2015-ലെ 81777/RA1/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം, നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള ആക്ടിലേയും കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി പഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശവും പാലിച്ചിട്ടില്ല. ഇത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപിച്ചിരിക്കുന്ന മൊബൈൽ ടവറുകളുടെ നിർമ്മാണം ക്രമവൽക്കരിക്കേണ്ടതും മൊബൈൽ ടവറുകളുടെയും അനുബന്ധ ഡി.ജി. റൂം, ഷെൽറ്റർ എന്നിവയുടെയും കൂടി പ്ലിന്ത് ഏരിയ അളന്നു തിട്ടപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ച് കുടിശ്ശിക അടക്കമുള്ള തുക ഈടാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം വരവിനത്തിലുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഉത്തരവാദികളായ വ്യക്തികളിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (2-6) <u>പരസ്യനികുതി പിരിവ് - അംഗീകൃത ബൈലാ ഇല്ല</u>

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ, സർക്കാറിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന പരസ്യനികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പരസ്യനികുതി പിരിവിനായി മാതൃകാ ബൈലാ പുറപ്പെടുവിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ പൊതുലേലത്തിൽ പരസ്യനികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം തോമസ് ജോൺ, കായപ്പുറത്ത്, കാവുംഭാഗം എന്ന വ്യക്തി 20000 രൂപയ്ക്ക് സ്വന്തമാക്കിയിട്ടുണ്ട്. എന്നാൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലാകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി ബൈലോ തയ്യാറാക്കുകയോ സർക്കാറിന്റെ അംഗീകാരം വാങ്ങുകയോ ചെയ്യാതെയാണ് പരസ്യനികുതി പിരിവ് ലേലത്തിന് നൽകിയിരിക്കുന്നത്. ഇത് നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായ നടപടിയാണ്. ബൈലാ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയശേഷം ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യനികുതി പിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-7 ) <u>അനധികൃതമായി ഇറച്ചി വിൽപ്പന നടത്തുന്നു</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40 പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 6-പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). എന്നാൽ മേൽ നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുന്നതായും അനധികൃതമായി ഇറച്ചി വിൽപ്പന നടത്തുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു.ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009 ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്നത് വളരെ ഗൗരവകരമാണ്. കേരള പഞ്ചായത്ത് രാജ്

ആക്ടിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട അറവുശാല സ്ഥാപിക്കുന്നതിന് നാളിതുവരെ ഗൗരവമായ ഇടപെടലുകൾ നടത്തിയിട്ടില്ല.

ആധുനിക അറവുശാല നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിനായി 350000 രൂപ വികസന ഫണ്ട് വകയിരുത്തി 2014-15 സാമ്പത്തിക വർഷം പദ്ധതി രൂപീകരിച്ചിരുന്നു. കൂടാതെ, ശാസ്ത്രീയമായ രീതിയിൽ ആധുനിക അറവുശാല നിർമ്മിക്കുന്നതിന് 85000 രൂപ തനത് ഫണ്ടും 5000 രൂപ റോഡിതര മെയിന്റനൻസ് ഫണ്ടും വകയിരുത്തി 2015-16 സാമ്പത്തിക വർഷം പദ്ധതി രൂപീകരിച്ചിരുന്നു. എന്നാൽ രണ്ടു പദ്ധതികളും നടപ്പിലാക്കിയിട്ടില്ല. മനുഷ്യന്റെ ആരോഗ്യത്തിന് മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളുവെന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (3-1) ക്ഷയരോഗികൾക്കുള്ള പോഷകാഹാര വിതരണ പരിപാടി നടപ്പിലാക്കിയത്-മാർഗ്ഗരേഖയ്ക്ക് വിരുദ്ധം

| | |
|---|---|
| പ്രോജക്ട് നം | S0010/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പെരിങ്ങര |
| അടങ്കൽ | 45000 |
| ബിൽ നം. തീയതി | CB No. 4/15-16/RNTCP തീയതി: 19.3.2016 |

മെഡിക്കൽ ഓഫീസർ പി.എച്ച്.സി 2015-16 സാമ്പത്തിക വർഷം ക്ഷയ രോഗികൾക്കുള്ള പോഷകാഹാര വിതരണ പരിപാടി എന്ന പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുകയും ആയതിന് വികസന ഫണ്ടിൽ നിന്നും 45000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ളതും നിലവിൽ ചികിൽസയിലേർപ്പെട്ടിരിക്കുന്നതുമായ ക്ഷയരോഗികൾക്ക് കടല, പയർ മുതലായ ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ (GO(P) 362/2013, തീയതി.16.11.2013 അനുബന്ധം 10 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന ഭക്ഷണ വിതരണ പരിപാടികളെപ്പറ്റി വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ ക്ഷയരോഗിക്കൾക്കുള്ള പോഷകാഹാര വിതരണ പരിപാടി ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. അനുബന്ധം 10 (6) പ്രകാരം ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരുവിധ ഭക്ഷണ വിതരണ പരിപാടിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്നുകൊണ്ട് ഇത്തരത്തിൽ ഒരു പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും എന്തെങ്കിലും പ്രത്യേകാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് ആരാഞ്ഞുകൊണ്ട് 07.12.2016ൽ നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പം മെഡിക്കൽ ഓഫീസർ ഹാജരാക്കിയത്, കാസർഗോഡ് ജില്ലാ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള54 ക്ഷയരോഗികൾക്ക് 2013-14 വർഷം പോഷകാഹാര വിതരണത്തിന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിൻമേൽ 25.03.2013 ലെ സ.ഉ (സാ.ധാ) നം. 782/13/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ പ്രത്യേക അനുമതിയുടെ പകർപ്പാണ്. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ പെരിങ്ങര ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് സാധൂകരിക്കാവുന്നതല്ല. കാരണം, മേൽ സൂചിത ഉത്തരവ് കാസർഗോഡ് ജില്ലാ പഞ്ചായത്തിന് ലഭിച്ച പ്രത്യേകാനുമതിയാണ്. മാത്രവുമല്ല സൂചിത ഉത്തരവിൽ ജനറൽ പർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളത്.

പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, ചാത്തങ്കരി ഡിപ്പോയിൽ നിന്നും ഭക്ഷ്യ വസ്തുക്കൾ (കടല, പയർ മുതലായവ) വാങ്ങിയ ഒരു ബില്ല് മാത്രമാണ് രേഖയായി

സൂക്ഷിച്ചിട്ടുള്ളത്. ഇവയുടെ സ്റ്റോക്ക് രജിസ്റ്ററിൽ എത്ര പേർക്ക് ഇവ വിതരണം ചെയ്തു, ഓരോ രോഗിക്കും വിതരണം ചെയ്ത ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, വിതരണ കാലയളവ്, ഭക്ഷ്യ ധാന്യങ്ങൾ കൈപ്പറ്റിയതിന്റെ വിവരങ്ങൾ എന്നിവയൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ പദ്ധതിക്കായി ചെലവഴിച്ച 45000 രൂപ നിരാകരിക്കുന്നു. ആയത് പദ്ധതി നിർവ്വഹണം നടത്തിയ മെഡിക്കൽ ഓഫീസർ, പെരിങ്ങര പി.എച്ച്.സിയിൽ നിന്ന് ഈടാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## (3-2 ) സമഗ്ര നെൽകൃഷി വികസന പദ്ധതി- രേഖകൾ സുതാര്യമല്ല

| | |
|---|---|
| പ്രോജക്ട് നം | S0015/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, പെരിങ്ങര ഗ്രാമപഞ്ചായത്ത് |
| അടങ്കൽ | 1813051 (വികസന ഫണ്ട്- 988651, ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്)- 824400 |
| ബിൽ നം. | KBP/02/15-16 തീയതി. 31.3.2016 – തുക 988398 |

ഈ പദ്ധതി പ്രകാരം 4500 kg നെൽവിത്തിന് 164250 രൂപയും 274.75 ലിറ്റർ കളനാശിനി വാങ്ങിയതിന് 824148 രൂപയുമുൾപ്പടെ ആകെ 988398 രൂപ വികസനഫണ്ടിൽ നിന്നും ചാത്തങ്കരി സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലും അനുബന്ധ രേഖകളും പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- പഞ്ചായത്തിലെ 22 പാടശേഖര സമിതികൾക്ക് 274.716 ലിറ്റർ ഹെർബിസൈഡ് പെരിങ്ങര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ വിൽപ്പന സംബന്ധിച്ച് പാടശേഖര സമിതികൾ ഹാജരാക്കിയ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് പെരിങ്ങരയുടെ ബില്ലുകൾക്ക് ആധികാരികതയില്ല.

| ക്രമ നം | ഹെർബിസൈഡ് വാങ്ങിയ പാടശേഖര സമിതി | രസീത് നമ്പർ | തീയതി | തുക |
|---|---|---|---|---|
| 1 | ചാത്തങ്കരി പാടശേഖര സമിതി | 3943 | 17.12.2015 | 88200 |
| 2 | കൈപ്പാല പടിഞ്ഞാറ് പാടശേഖര സമിതി | 3944 | 11.12.2015 | 15390 |
| 3 | സെക്രട്ടറി, ശങ്കരപ്പാടം | 3945 | 10.12.2015 | 21960 |
| 4 | പടവിൻകര പാടശേഖര സമിതി | 3953 | 10.12.2015 | 36360 |

3953- ാം നമ്പർ രസീത് 10.12.2015 ലാണ് നൽകിയത്. എന്നാൽ രസീത് നമ്പർ 3943 ന്റെ തീയതി 17.12.2015 -ആണ്. ഇതേ വ്യത്യാസം 3944, 3945 നമ്പർ രസീതുകളുടെ തീയതികളിലുമുണ്ട്. രസീതുകളിലൊന്നും തന്നെ പെരിങ്ങര സർവ്വീസ് കോപ്പറേറ്റിവ് ബാങ്കിന്റെ ആധികാരികത ഉറപ്പു വരുത്തുന്ന സീൽ പതിപ്പിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

- പാടശേഖര സമിതികൾക്ക് കള നാശിനി വിറ്റതിന് പെരിങ്ങര സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുള്ള ബില്ലുകളൊന്നും തന്നെ കേരള വാറ്റ് ആക്ട് റീട്ടെയിൽ സെയിൽസിന് നിഷ്കർഷിക്കുന്ന ഫോറം. 8Bയിലല്ല. ആകെ 824148 രൂപയുടെ കളനാശിനിയാണ് ഹാജരാക്കിയ ബില്ലുകൾ പ്രകാരം വിറ്റതായി കാണിച്ചിട്ടുള്ളത്. എന്നാൽ ഈ ബില്ലുകളിൽ ടാക്സിന്റെ വിവരം പ്രത്യേകമായി കാണിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 14.12.2016- ൽ നൽകിയ 18- ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിനെ തുടർന്ന് സഹകരണ ബാങ്ക് അധികൃതർ മേൽ വിൽപ്പന നടത്തിയ നടത്തിയ മാസത്തെ സെയിൽസ് ടാക്സ് റിട്ടേണും അനുബന്ധ രേഖകളും ഓഡിറ്റിൽ ഹാജരാക്കി. എന്നാൽ ഇത് സംബന്ധിച്ച കൃത്യമായ രേഖകൾ നിയമാനുസൃതമായ രീതിയിൽ സൂക്ഷിക്കുന്നതിൽ വീഴ്ച പറ്റിയിട്ടുണ്ട്. രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

## (3-3) തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് - അധിക ബാധ്യത - മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച രേഖകൾ സൂക്ഷിക്കാതെ കെ.എസ്സ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമുള്ള തുക തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ അടയ്ക്കുന്നതുമൂലം ഗ്രാമപഞ്ചായത്തിന് ലക്ഷക്കണക്കിന് രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുന്നു.

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് പുതുക്കി നിശ്ചയിച്ചതിനു ശേഷം 13.12.2016 ൽ മണിപ്പുഴ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്ത് പ്രകാരം നിലവിലുള്ള തെരുവ് വിളക്കുകളുടേയും അവയുടെ താരിഫിന്റേയും വിവരം ചുവടേ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഓർഡിനറി ബൾബ്(60W) | 562 | 94 | 52828 |
| ട്യൂബ്(2x40W) | 46 | 124 | 5704 |
| ട്യൂബ്(1x40W) | 160 | 61 | 9760 |
| സി.എഫ്.എൽ(2x11W) | 72 | 14 | 1008 |
| സി.എഫ്.എൽ(2x14W) | 690 | 18 | 12420 |
| സോഡിയം വേപ്പർ ലാമ്പ്(250W) | 6 | 414 | 2484 |
| ആകെ | | | 84204 |

ഗ്രാമപഞ്ചായത്ത് വർഷങ്ങളായി സാധാരണ ബൾബുകൾ വാങ്ങി വൈദ്യുതീകരണം നടത്തുന്നില്ല. വർഷങ്ങൾക്കു മുൻപ് ഉപയോഗിച്ചിരുന്ന സാധാരണ ബൾബുകളുടെ ചാർജ് ഇപ്പോഴും നൽകി വരുന്നതുമൂലം പ്രതിമാസം 52828 രൂപ അധികം നൽകേണ്ടി വരുന്നു. ഈ സാഹചര്യത്തിലും യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ തിട്ടപ്പെടുത്തുന്നതിന് കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല എന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തി പ്രതിമാസ വൈദ്യുത ചാർജ് പുനർനിർണ്ണയിക്കേണ്ടതാണ്.

07.07.2010-ലെ നം.43742/$DC_3$/2010/LSGD നമ്പർ സർക്കുലർ പ്രകാരം തെരുവുവിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ഇതുപ്രകാരം സർക്കുലറിന്റെ തീയതി മുതൽ ആറ് മാസത്തിനകം മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ എസ്റ്റിമേറ്റ് തുകയുടെ 50% തുക മാത്രം കെ.എസ്.ഈ.ബി യിലേക്ക് ഒടുക്കവരുത്തിയാൽ മതിയായിരുന്നു. ഈ കാലയളവിന് ശേഷം എസ്റ്റിമേറ്റ് തുക പൂർണ്ണമായി തദ്ദേശ സ്വയംഭരണ സ്ഥാപനം വഹിക്കേണ്ടി വരുമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ആനുകൂല്യം ലഭിക്കുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുക മാത്രമല്ല നാളിതുവരെയും തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് യാതൊരുവിധ നടപടികളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ ഓഡിറ്റ് വർഷം 1010529 രൂപ ചെലവഴിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ പ്രവർത്തിയ്ക്കുന്ന തെരുവുവിളക്കുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തിയും തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയും ഈയിനത്തിൽ കാലങ്ങളായി ഉണ്ടാകുന്ന തനത് വരുമാന നഷ്ടം ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## (3-4 ) പൊതുടാപ്പുകളുടെ വെള്ളക്കരം-അധിക ബാധ്യത

ഗ്രാമപ്പഞ്ചായത്തിലെ 17 വാർഡുകളിൽ ഉള്ള 364 പൊതുടാപ്പുകൾക്കാണ് പ്രതിവർഷം 5250 രൂപ നിരക്കിൽ കേരള വാട്ടർ അതോറിറ്റി വെള്ളക്കരം ഈടാക്കുന്നത്. 2015-16 സാമ്പത്തിക വർഷം പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 1911000 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കവരുത്തിയത്. പൊതുടാപ്പുകളിൽ എത്രയെണ്ണം പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിന് യാതൊരു രേഖകളും ഇല്ല. വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക

അടച്ചപോരുക മാത്രമാണ് നിലവിൽ ചെയ്യുന്നത്. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർടാപ്പുകളുൾപ്പെടെയാണ് വാട്ടർ ചാർജ്ജ് ഒടുക്കുന്നത്. തദ്ദേശഭരണ വകുപ്പിന്റെ 30-05-2009 - ലെ 1275/2009/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം എല്ലാ തദ്ദേശ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ സംയുക്ത പരിശോധന നടത്തി തിട്ടപ്പെടുത്തണമെന്നും ഇതിനെ തുടർന്ന് ആകെ ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരം തയ്യാറാക്കുകയും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്നും സ.ഉ.(സാ) നം.1275/2009/ത.സ്വ.ഭ.വ തീയതി 30-05-2009 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. സംയുക്ത പരിശോധന നടത്തുന്നത് സംബന്ധിച്ച 28.09.2011ലെ ജി.ഒ.(ആർ.ടി)2242/2011തസ്വഭവ ഉത്തരവ് പ്രകാരവും സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും നാളിതുവരെ പാലിച്ചിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ഈയിനത്തിലുള്ള ചെലവ് നിയന്ത്രണ വിധേയമാക്കേണ്ടതാണ്.

12-ാം പദ്ധതി ആസൂത്രണ മാർഗരേഖ സ.ഉ.(കൈ)168/12/തസ്വഭവ, തീയതി 15.06.12 പ്രകാരം പൊതുടാപ്പുകൾ വഴിയുള്ള കുടിവെള്ള പദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച്, പഞ്ചായത്തിനുണ്ടാകുന്ന ആവർത്തന ചെലവുകൾ കുറച്ചുകൊണ്ടുവരേണ്ടതും അതുവഴി തനത് ഫണ്ടിന്റെ ചോർച്ച തടയുന്നതിന് ഉതകുന്ന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## **(3-5 )** <u>സാക്ഷരതാ പ്രേരകിന്റെ ഓണറേറിയം- തനതുഫണ്ടിൽ ഒടുക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സാക്ഷരത പ്രേരകിന് ജില്ലാ സാക്ഷരതാമിഷൻ കോർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം, റ്റി.എ എന്നിവ നൽകിയിട്ടുണ്ട്. 3/4/14ലെ ജി.ഒ(ആർ.ടി)968/14/തസ്വഭവ ഉത്തരവ് പ്രകാരം തനത്/പൊതു ആവശ്യഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നതിന് അനുമതി നൽകിയിരുന്നു. ഈ തുക സാക്ഷരതാ മിഷൻ തിരികെ നൽകണം. 2015-16 വർഷം ഓണറേറിയം, റ്റി.എ ഇനങ്ങളിൽ സാക്ഷരത പ്രേരകിന് 45500 രൂപ നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ നൽകിയ ഇനത്തിൽ 96587 രൂപ ക്രമീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. തനത്ഫണ്ടിൽ നിന്ന് സാക്ഷരതാ പ്രേരകിന് ഓണറേറിയം, റ്റി.എ എന്നിവ നൽകിയ ഇനത്തിൽ സാക്ഷരതാമിഷനിൽ നിന്ന് ലഭിക്കുവാനുള്ള 142087 രൂപ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## **(3-6)** <u>ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നില്ല</u>

ഭിന്നശേഷിയുള്ളവർക്ക് പരമാവധി സ്കോളർഷിപ്പ് തുക നൽകുന്നതിൽ പഞ്ചായത്തധികൃതർ വിമുഖത കാട്ടുന്നു. പരമാവധി സ്കോളർഷിപ്പ് നൽകത്തക്കവണ്ണം അടങ്കൽ വകയിരുത്തി പദ്ധതി തയ്യാറാക്കാത്തതിനാൽ നാമമാത്രമായ തുക മാത്രമേ നൽകാൻ കഴിയുന്നുള്ളൂ. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വികസനഫണ്ട്, ബ്ലോക്ക് വിഹിതം എന്നിവ വകയിരുത്തി പദ്ധതി രൂപീകരിച്ച് (S005/16) 280000 രൂപ ചെലവഴിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളി നേരിടുന്ന 12 വിദ്യാർത്ഥികൾക്കും മാനസിക വെല്ലുവിളി നേരിടുന്ന 31 വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് നൽകിയിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 7350 രൂപ വീതവും ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് 2800 രൂപ മുതൽ 5740 രൂപ വരെയുമാണ് (വ്യത്യസ്ത ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് വ്യത്യസ്ത നിരക്കിൽ) നൽകിയിട്ടുള്ളത്. പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗരേഖ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഒരു വർഷം 15,200 രൂപയും ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസ്സ് അനുസരിച്ച് പ്രതിവർഷം 5300 രൂപ മുതൽ 19,500 രൂപ വരെയും നൽകാമെന്നിരിക്കെ, പദ്ധതി രൂപീകരിച്ചപ്പോൾ കുറഞ്ഞ തുക വകയിരുത്തി തുച്ഛമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയത് ഇത്തരത്തിൽ അവശത നേരിടുന്നവരോടുള്ള പഞ്ചായത്തിന്റെ അവഗണനയെയാണ് സൂചിപ്പിക്കുന്നത്.

പാർശ്വവൽക്കരിക്കപ്പെട്ടും പലപ്പോഴും കുടുംബാംഗങ്ങളാൽ തിരസ്കരിക്കപ്പെട്ടും ദുരിതജീവിതം നയിക്കുന്ന അത്തരം ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് പ്രാദേശിക സർക്കാർ എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് ധാർമികമായ ബാധ്യതയുണ്ട്. ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും അവ സർക്കാർ വിഭാവനം ചെയ്ത രീതിയിൽ നടപ്പാക്കുന്നതിലും ആത്മാർത്ഥമായ ശ്രമം അധികൃതരിൽ നിന്ന് ഉണ്ടാവേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സവിശേഷ ശ്രദ്ധ

ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## (3-7) മീഡിയാശ്രീ-പദ്ധതി പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര് | മീഡിയാ ശ്രീ, S0128/16 |
| അടങ്കൽ തുക | 65000 (വികസന ഫണ്ട്) |
| ചെലവ് തുക | 65000, Bill No.06/15-16/20.1.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

കേരളത്തിലെ നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനങ്ങളും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രമായി പുറത്തിറക്കുന്നതിനായി രൂപം നൽകിയ, കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ മീഡിയാശ്രീ പദ്ധതിയുടെ ഭാഗമായി 65000 രൂപ തനത്ഫണ്ടിൽ നിന്നോ വികസന ഫണ്ടിൽ നിന്നോ ചെലവഴിക്കുന്നതിന് 05.12.2014-ലെ സ.ഉ(സാധാ) 3206/14/lsgd നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇതനുസരിച്ച് 65000 രൂപ വകയിരുത്തി പദ്ധതി രൂപീകരിക്കുകയും തുക പിൻവലിച്ച് കുടുംബശ്രീ സംസ്ഥാന മിഷൻ കോർഡിനേറ്ററുടെ പേരിലെടുത്ത ഡിഡി ജില്ലാമിഷൻ കോർഡിനേറ്റർക്ക് നൽകുകയും ചെയ്തിട്ടുണ്ട് (നം.437254/27.2.16). ഡോക്യുമെന്ററിയുടെ തിരക്കഥ സർക്കാർ അംഗീകരിച്ചതിന്റെ കത്തും പദ്ധതി നടത്തിപ്പിനുവേണ്ട തുകയും മുൻകൂറായി നൽകി കുടുംബശ്രീ മിഷനുമായി കരാറിൽ ഏർപ്പെടേണ്ട ചുമതല ഗ്രാമപഞ്ചായത്തിനുണ്ട്. ഡോക്യുമെന്ററിയുടെ തിരക്കഥ തയ്യാറാക്കി സർക്കാറിന്റെ അംഗീകാരം വാങ്ങിയതിന്റെ രേഖകളും കുടുംബശ്രീ മിഷനുമായി ഗ്രാമപഞ്ചായത്ത് ഏർപ്പെട്ട കരാറും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഡോക്യുമെന്ററി തയ്യാറാക്കുന്നതിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സൗത്ത് ഏഷ്യൻ കോളേജിന്റെ നേതൃത്വത്തിൽ വീഡിയോ ഷൂട്ടിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതിയിൽ നിർവ്വഹണം പൂർത്തീകരിച്ചിട്ടില്ല. ഇക്കാരണങ്ങളാൽ ചെലവ് തുക 65000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-8) സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ, S0126/16 |
| അടങ്കൽ തുക | 97385 (വികസന ഫണ്ട്)<br>235753 (ധനകാര്യ കമ്മീഷൻ)<br>116862 (തനത്ഫണ്ട്) |
| ചെലവ് തുക | 450000 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഭരണാനുമതി ലഭിച്ച തുക ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളിൽ നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഭരണാനുമതി ലഭിച്ച തുക | വാർഡ് | തുക നൽകിയതിന്റെ വിവരം |
|---|---|---|---|
| 1 | 68670 | V | DD No.437253/27.1.16 |

| | | | |
|---|---|---|---|
| | | | തൃക്കൊടിത്താനം സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേർക്ക് നൽകി |
| 2 | 92380 | II | 1) DD No.437986/20.2.16-85057<br>2)DD No.437252/27.1.16-126374<br>3) DD No.360121/26.10.15-40709<br>4) DD No.437255/27.1.16-97385<br>ടി തുകകൾ മണിപ്പുഴ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേർക്ക് നൽകി |
| 3 | 61950 | VII | |
| 4 | 91000 | XIV | |
| 5 | 104195 | III | |
| ആകെ | 418195 | | |

ഇതിൽ വാർഡ് V-ൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് തൃക്കൊടിത്താനം ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ള തുകയ്ക്ക് മാത്രമാണ് ഗ്രാമപഞ്ചായത്തും കെ.എസ്.ഈ.ബി യുമായി കരാർ ഉണ്ടാക്കിയിട്ടുള്ളത്. മറ്റ് വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിന് ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബി യും തമ്മിൽ യാതൊരുവിധ കരാറിലും ഏർപ്പെട്ടിട്ടില്ല. സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തിയ്ക്കായി കെ.എസ്.ഇ.ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോർമൻസ് റിപ്പോർട്ട് എന്നിവയും ലഭ്യമല്ല. ഇക്കാരണങ്ങളാൽ ചെലവ് തുക 418195 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-9) ഐ.എ.വൈ പദ്ധതിവിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ഐ.എ.വൈ പദ്ധതിയ്ക്ക് വിഹിതം നൽകുന്നതിന് സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി പദ്ധതികൾ രൂപീകരിച്ച് ബ്ലോക്ക് പഞ്ചായത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ഐ.എ.വൈ വിഹിതം നൽകൽ (എസ്.സി) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| അടങ്കൽ തുക | 877500 (എസ്.സി.പി) |
| ചെലവ് തുക | 877500, Bill No.05/15-16 /19.12.15 |

ഐ.എ.വൈ ഭവന പദ്ധതിയ്ക്കുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 877500 രൂപ ഡിഡി നം.361248/19.12.15 പ്രകാരം

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക വിനിയോഗിക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളുടെ വിവരമോ തുക വിനിയോഗിച്ചതിന്റെ വിവരമോ ലഭ്യമല്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 877500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പദ്ധതിയുടെ പേര് | ഐ.എ.വൈ പദ്ധതി വിഹിതം, S0161/16 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ തുക | 350000 (വികസന ഫണ്ട്) |
| ചെലവ് തുക | 350000 (Bill No.35/15-16 /31.3.16) |

18 ഗുണഭോക്താക്കൾക്കുള്ള ഐ.എ.വൈ പദ്ധതി വിഹിതമായി ബ്ലോക്ക് പഞ്ചായത്തിന് നൽകുവാനുള്ള തുക ഡിഡി നം.439895/08.04.16 പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 350000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-10 ) എ.ബി.സി പ്രോഗ്രാം-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

| | |
|---|---|
| പദ്ധതിയുടെ പേര് | ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം S0151/16 |
| അടങ്കൽ തുക | 70000 (തനത് ഫണ്ട്) |
| ചെലവ് തുക | 70000 |

നായ്ക്കളുടെ വർദ്ധനവ് തടയുന്നതിന്റെ ഭാഗമായി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുവാൻ പദ്ധതി തയ്യാറാക്കണമെന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.12.2015-ലെ ജി.2/5494/15 നമ്പർ കത്തിലെ നിർദ്ദേശം അനുസരിച്ച് 70000 രൂപ ഡിഡി നം.438150/25.02.16 പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ചെലവ് തുകയുടെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 70000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നടത്തിപ്പ് തുടർന്നും മോണിറ്റർ ചെയ്യേണ്ടതും വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## (3-11) ഭവന നിർമ്മാണ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവ്വഹണോദ്യാഗസ്ഥനായി 2015-16 ൽ ആരംഭിച്ച ഭവന നിർമ്മാണം (ജനറൽ) പ്രോജക്ട് നം.20/15-16, ഭവന നിർമ്മാണം (വനിത), പ്രോജക്ട് നം.21/15-16 എന്നീ പദ്ധതികൾ പ്രകാരം എഗ്രിമെന്റ് വെച്ചിട്ടുള്ള ഗുണഭോക്താക്കളിൽ ചുവടെ ചേർക്കുന്നവർ പണി പൂർത്തീകരിക്കുവാൻ ബാക്കിനിൽക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | വാർഡ് നം. | നാളിതുവരെ കൈപ്പറ്റിയ തുക | പണി പൂർത്തിയാക്കിയ ഘട്ടം |
|---|---|---|---|
| രാജീവ്, കോടങ്കരി, അമിച്ചകരി.പി.ഒ, ചാത്തങ്കരി | XIV | 80000 | ഫൗണ്ടേഷൻ |
| സാം സൈമൺ, തുമ്പേലിൽ പറമ്പിൽ, മേപ്രാൽ | II | 80000 | ഫൗണ്ടേഷൻ |
| ശ്രീകുമാർ.എൻ.കെ, ഞാറ്റുവേട്ടിൽ, | X | 80000 | ഫൗണ്ടേഷൻ |

| | | | |
|---|---|---|---|
| പെരിങ്ങര | | | |
| ലതിക രാജേഷ്, കിഴക്കൻ കോവിൽ, അഴിയിടത്തുചിറ.പി.ഒ | VII | | ഭവന നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല |
| കുഞ്ഞുമോൾ.എം.ജെ, ഏഴരച്ചിറയിൽ, മേപ്രാൽ | I | 120000 | ലിന്റൽ ലെവൽ |
| രാജമ്മ.കെ.ആർ, കരുവേലിൽ ചിറയിൽ, പെരുന്തുരുത്തി | VI | 140000 | ലിന്റൽ ലെവൽ |

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം ടി ഗുണഭോക്താക്കളിൽ നിന്ന് സബ്സിഡി തുക പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-12) സ്ട്രീറ്റ് ലൈൻ നീട്ടൽ - എഗ്രിമെന്റ് പ്രകാരമുള്ള രേഖ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം. | S.150/16 |
| നിർവ്വഹണഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| ചെലവുവിവരം | ബിൽ നം.15/20.10.15- രൂ.294477(ലോകബാങ്ക് സഹായം) |

15-ാം വാർഡിൽ ഇലക്ട്രിക് ലൈൻ നീട്ടുന്നതിന് പ്രസ്തുത പ്രൊജക്ട് പ്രകാരം തിരുവല്ലാ ഇലക്ട്രിക് സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി 21.3.16-ൽ എഗ്രിമെന്റ് വെച്ച് തുക ഒടുക്കിയിരുന്നു. പണി പൂർത്തിയായി രണ്ട് ആഴ്ചയ്ക്കുള്ളിൽ ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും പൂർത്തീകരണ സർട്ടിഫിക്കറ്റും പഞ്ചായത്തിന് നൽകുന്നതാണ് എന്ന് എഗ്രിമെന്റിൽ ക്രമ നമ്പർ 7 ആയി വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 24.5.16തീയതിയിലെ പൂർത്തീകരണ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ഫൈനൽ ബില്ലിന്റെ പകർപ്പും പെർഫോമൻസ് റിപ്പോർട്ടും വാങ്ങിയിട്ടില്ല. പ്രവൃത്തിയ്ക്കു വേണ്ടി യഥാർത്ഥത്തിൽ എത്ര രൂപ ചെലവു വന്നിട്ടുണ്ട് എന്ന് ഫൈനൽ ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമേ വ്യക്തമാവുകയുള്ളൂ. ആയതിനാൽ മേൽപറഞ്ഞ രേഖകൾ ലഭ്യമാക്കി ഓഡിറ്റിൽ ബോധ്യപ്പെടുത്തേണ്ടതാണ്.

## (3-13) തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി - നടപടിക്രമങ്ങളിൽ അപാകത

| | |
|---|---|
| പ്രൊജക്ട് നം. | S.116/16 (S.110/15) |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ തുക | രൂ.150046 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവു വിവരം | ബിൽ നം.5/15-16/20.10.15- രൂ.150000 |

സ്പിൽ ഓവറായി തുക ചെലവഴിച്ച പ്രസ്തുത പദ്ധതി പ്രകാരം 'അൽ-മന ട്രേഡിംഗ് കമ്പനി, പത്തനംതിട്ട' എന്ന സ്ഥാപനത്തിൽ നിന്ന് 149954രൂപയുടെ ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയതിന് 150000രൂപ പിൻവലിച്ചു. (ഇൻവോയിസ് നം.G-2066/24.3.2015) പരിശോധിച്ചതു പ്രകാരം താഴെ പറയുന്ന അപാകതകൾ കണ്ടു.

(എ) ടെണ്ടറിൽ രേഖപ്പെടുത്തിരുന്നതിനേക്കാൾ അധിക തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ഇനം | ടെണ്ടർ പ്രകാരം നിരക്ക്, തുക(നികുതി ഉൾപ്പെടെ) | നൽകിയ നിരക്ക്, തുക |
|---|---|---|
| 1. ഹോൾഡർ- 800 | @14.50x800 = 11600 | @13.10+14.5%വാറ്റ് - 11999.60 |
| 2. സൈഡ് ഹോൾഡർ- 150 | @13.00x150 = 1950 | @12.81+14.5%വാറ്റ് - 2200.12 |
| 3. അലുമിനിയം വയർ- 60 | @310x60 = 18600 | @304.76+5%വാറ്റ് - 19199.88 |
| 4. ട്യൂബ് സെറ്റ്- ക്രോംപ്റ്റൺ- 15 | @1499x15 = 22485 | @1318.78+14.5%വാറ്റ്- 22650.05 |
| 5. സ്റ്റാർട്ടർ- 15 | @9x15 = 135 | @7.86+14.5%വാറ്റ് - 135.00 |
| 6. ചോക്ക് കോപ്പർ- 12 | @145x12 = 1740 | @128.39+14.5%വാറ്റ് - 1764.08 |
| 7. സി.എഫ്.എൽ- 14വാട്ട്- 800 | @113x800 = 90400 | @109.53+5%വാറ്റ് - 92005.20 |
| ആകെ | 146910.00 | 149953.92 |

150000രൂപ സ്ഥാപനത്തിന് കൊടുത്തതുമൂലം 3090 രൂപയുടെ അധികചെലവുണ്ടായി.

(ബി) രണ്ടാമത്തെ ടെണ്ടർ സമർപ്പിച്ച 'നാഥൻസ് ഇലക്ട്രിക്കൽസ്'' എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം മേൽപറഞ്ഞ സാധനങ്ങളുടെ ആകെ വില 144200 രൂപ മാത്രമായിരുന്നു. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങാതിരുന്നതിന്റെ കാരണം വ്യക്തമല്ല. പ്രസ്തുത ടെണ്ടർ നിരസിക്കാനും അൽ-മന ട്രേഡേഴ്സിന്റെ ടെണ്ടർ സ്വീകരിക്കാനും പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തിട്ടില്ല.

(സി) സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകിയതായി രേഖയില്ല.

(ഡി) ഇലക്ട്രിക് സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ വിതരണവിവരം കാണിക്കുകയോ ചെയ്തിട്ടില്ല. സാധനങ്ങൾ വാർഡ് മെമ്പർമാർക്ക് നൽകിയതായി ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/13.12.16) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. എന്നാൽ കൃത്യമായ വിവരങ്ങൾ സ്റ്റോക്കിൽ എഴുതിയിട്ടില്ല.

(ഇ) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചതായി വ്യക്തമാക്കുന്ന രേഖകളില്ല. ഇലക്ട്രിക്കൽ സാധനങ്ങൾ പോസ്റ്റുകളിൽ സ്ഥാപിച്ചതായി മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ ഫോട്ടോകോപ്പികൾ ഫയലിൽ കാണുന്നു. തീയതി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ, ഇത് മുൻപെപ്പോഴോ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രത്തിന്റെ പകർപ്പാണെന്ന് വ്യക്തമാണ്. സാക്ഷ്യപത്രത്തിന്റെ ഒറിജിനൽ ഫയലിലില്ല ആയതിനാൽ കെ.എസ്.ഇ.ബി. അധികാരികളിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടി തൃപ്തികരമല്ല. ആയതിനാൽ 5800രൂപ (150000-144200) ഓഡിറ്റിൽ നിരാകരിക്കുകയും, ബാക്കി ചെലവ് 144200രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ആയതിന് ടെണ്ടർ നടപടിക്രമങ്ങളിൽ പങ്കുവഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രാധ ഉത്തരവാദിയായിരിക്കുന്നതാണ്.

## (3-14 ) മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി

പൊതുമരാമത്ത് വകുപ്പിന്റെ(H) 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD ഡേറ്റാ (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3)

അടിസ്ഥാന നിരക്ക് 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). പി.ഡബ്ല്യ.ഡി ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.1.2015 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്.(4753.29X1.4095). 1.8.15 മുതൽ കോസ്റ്റ് ഇന്റക്സ് 45.71%-ഉം ആണ്.(നൽകാവുന്ന നിരക്ക് 6926.02/m3). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത് എന്നു കാണുന്നു.(Flooring; DSR Code: 11.7). അതായത്, ആദ്യ എസ്റ്റിമേറ്റുകളിൽ 7058.80/m3 എന്ന നിരക്കും 1.8.15മുതൽ 7297.16/m3 എന്ന നിരക്കുമാണ് അനുവദിച്ച് നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അനുവദിക്കാവുന്ന നിരക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| Add water charge 1% | | | | | 47.06 |
| Sub Total | | | | | 4753.29 |
| Cost Index for Pathanamthitta, @40.95% | | | | | 1946.47 |
| Total | | | | | 6699.76 |
| @45.71% Total | | | | | 6926.02 |

വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിംഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | S.31/16- പി.ഡബ്ല്യൂ.ഡി നെടുമ്പള്ളി റോഡ് പുനരുദ്ധാരണം.<br>രൂ.150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | എൻ.കെ.ശ്രീധരൻ,<br>നെടുമ്പള്ളിൽ.<br>എം.ബുക്ക് നം.154/14-15<br>ബിൽ നം.38/15-16/ 11.2.16 -രൂ.148748 | 7.82m3<br>@7058.78/m3<br>= 55199.66 | @6699.76/m3<br>= 52392.12 | 2808 |
| 2 | S.33/16- പുതുക്കുളങ്ങര പടി പുതുപ്പറമ്പ് പടി റോഡ് പുനരുദ്ധാരണം.<br>രൂ.125000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | രാധാമണിയമ്മ,<br>പടിയറ വടക്കേതിൽ.<br>എം.ബുക്ക് നം.8/12-13<br>ബിൽ നം.9/ 12.10.15- രൂ.124317 | 8.325m3<br>@7058.78/m3<br>= 58764.34 | @6699.76/m3<br>= 55775.50 | 2989 |
| 3 | S.39/16- കളത്തിൽ പറമ്പിൽ പടി കണ്ണങ്കേരി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.450000 (ലോകബാങ്ക് സഹായം-350000, തനതുഫണ്ട്-100000) | ഷിബു സുനിൽ,<br>പുതുപ്പറമ്പിൽ.<br>എം.ബുക്ക് നം.58/15-16<br>ബിൽ നം.12/15-16/ 12.10.15- രൂ.350000,<br>ചെക്ക് നം.9287571/ 14.10.15- രൂ.96888 | 25.2m3<br>@7058.78/m3<br>= 177881.25 | @6699.76/m3<br>= 168833.95 | 9047 |
| 4 | S.46/16- ആദിമായിൽ പടി കുറ്റിക്കാട്ട് പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.330000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-167700, തനതുഫണ്ട്-112300, മെയിന്റനൻസ് ഗ്രാന്റ്- 50000) | അജയകുമാർ,<br>കുറ്റിക്കാട്ടിൽ.<br>എം.ബുക്ക് നം.49/15-16<br>ഡി.ഡി നം.361572/ 20.12.15- രൂ.84090,<br>ബിൽ നം.24/18.12.15- രൂ.167700, ബിൽ നം.26/ 18.12.15- രൂ.50000 | 18m3<br>@7297.16/m3<br>= 131348.88 | @6926.02/m3<br>= 124668.36 | 6681 |
| 5 | S.49/16- കൈതാരത്ത് പടി വരമ്പത്ത് പടി റോഡ് പുനരുദ്ധാരണം.<br>രൂ.250000 | ഗോപകുമാർ,<br>പറമ്പത്ത്.<br>എം.ബുക്ക് നം.2/15-16<br>ചെക്ക് നം.9287573/ 16.10.15- രൂ.248232 | 12m3<br>@7058.78/m3<br>= 84705.36 | @6699.76/m3<br>= 80397.12 | 4308 |

| | | | | | |
|---|---|---|---|---|---|
| | (തനതുഫണ്ട്) | | | | |
| 6 | S.54/16- മൂന്നാംമഠത്ത് പടി റോഡ് പുനരുദ്ധാരണം. രൂ.400000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-200000, തനതുഫണ്ട്-100000, മെയിന്റനൻസ് ഗ്രാന്റ്- 100000) | പി.വി.ഐസക്, പനച്ചയിൽ. എം.ബുക്ക് നം.17/15-16 ബിൽ നം.34/15-16/ 30.1.16- രൂ.200000, ചെക്ക് നം.2722794/ 8.2.16- രൂ.97946, ബിൽ നം.41/19.2.16- രൂ.100000 | 21m3 @7058.78/m3 = 148234.38 | @6699.76/m3 = 140694.96 | 7539 |
| 7 | S.67/16- മറ്റത്തിൽ പടി കോയിപ്പുറത്ത് റോഡ് പുനരുദ്ധാരണം. രൂ.120000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | തോമസ് തോമസ്, മുളപ്പാമഠം. എം.ബുക്ക് നം.18/15-16 ബിൽ നം.7/15-16/ 12.10.15- രൂ.119067 | 7.7m3 @7058.78/m3 = 54352.61 | @6699.76/m3 = 51588.15 | 2764 |
| 8. | S.75/16- പുതുക്കാട്ട് പടി മേമഠത്തിൽ പടി റോഡ് കോൺക്രീറ്റിംഗ്. രൂ.300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | മറിയാമ്മ ചാക്കോ, മേമഠത്തിൽ. എം.ബുക്ക് നം.118/15-16 ബിൽ നം.32/15-16/ 13.1.16- രൂ.298523 | 17.5m3 @7058.78/m3 = 123528.65 | @6699.76/m3 = 117245.80 | 6283 |
| 9 | S.76/16- മാത്തിലോട്ട് പടി പേരാമ്പ്ര റോഡ് പുനരുദ്ധാരണം. രൂ.271915 (തനതുഫണ്ട്- 225000, മെയിന്റനൻസ് ഫണ്ട്-46915) | മഞ്ജു, ചാത്രത്തിൽ എം.ബുക്ക് നം.3/15-16 ബിൽ നം.28/15-16/ 18.12.15- രൂ.10376 ബിൽ നം.29/18.12.15- രൂ.36539, ചെക്ക് നം.2722786/ 14.12.15- രൂ.207096 | 15.375m3 @7058.78/m3 = 108528.74 | @6699.76/m3 = 103008.81 | 5520 |
| 10 | S.103/16- പി.എം.വി. എച്ച്.എസ്. പെരുഞ്ചാത്ര പടി റോഡ് കോൺക്രീറ്റിംഗ്. രൂ.300000 (ലോകബാങ്ക് സഹായം) | ശ്രീകുമാരി, പരുവപ്പറമ്പിൽ. എം.ബുക്ക് നം.6/15-16 ബിൽ നം.16/14.10.15- രൂ.298804 | 17.1m3 @7058.78/m3 = 120705.13 | @6699.76/m3 = 114565.90 | 6139 |
| 11 | S.139/16- വേങ്ങൽ എം.റ്റി.എൽ.പി.എസ് | അപ്പുക്കുട്ടൻ ആചാരി, മൂന്നാംതര. | 30m3 @7058.78/m3 | @6699.76/m3 = 200992.80 | 10771 |

| | | | | | |
|---|---|---|---|---|---|
| | മുണ്ടപ്പള്ളി റോഡ് പുനരുദ്ധാരണം.<br>രൂ.495000 (ലോകബാങ്ക് സഹായം) | എം.ബുക്ക് നം.19/15-16<br>ബിൽ നം. 8/ 12.10.15- രൂ.492545 | = 211763.40 | | |
| 12 | S.159/16- ചർച്ച് ഓഫ് ഗോഡ് കൈതക്കാട്ട് പടി റോഡ് പുനരുദ്ധാരണം.<br>രൂ.100000 (വികസന ഫണ്ട്) | ജോർജ് വർഗീസ്<br>എം.ബുക്ക് നം.190/15-16<br>ബിൽ നം.80/ 31.3.16- രൂ.91178 | 4m3<br>@7297.16/m3<br>= 29188.64 | @6926.02/m3<br>= 27704.08 | 1485 |
| 13 | S.26/16-പാലം പള്ളി പടി കോലം കണ്ടത്തിൽ പടി റോഡ് പുനരുദ്ധാരണം.<br>രൂ.200000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്-100000, മെയിന്റനൻസ് ഗ്രാന്റ്- 100000) | വർഗീസ്,<br>കോലംകണ്ടത്തിൽ.<br>എം.ബുക്ക് നം.242/15-16<br>ബിൽ നം.87/15-16/ 31.3.16- രൂ.99518<br>ബിൽ നം.82/31.3.16- രൂ.100000 | 5.625m3<br>@7058.78/m3<br>= 39705.64 | @6699.76/m3<br>= 37686.15 | 2019 |
| 14 | S.68/16- എം.സി.റോഡ് അഞ്ചുവിതയിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.75000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 60000, തനതുഫണ്ട്- 15000) | ഓമനക്കുട്ടൻ,<br>അഞ്ചുവിതയിൽ.<br>എം.ബുക്ക് നം.21/15-16<br>ബിൽ നം.25/15-16/ 18.12.15- രൂ.60000<br>ചെക്ക് നം.9287572/ 14.10.15- രൂ.13713 | 2.16m3<br>@7058.78/m3<br>= 15246.96 | @6699.76/m3<br>= 14471.48 | 775 |
| 15 | S.32/16-വേങ്ങൽ പി.ഡബ്ല്യു.ഡി മണ്ണൂർ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.150000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 100000, മെയിന്റനൻസ് ഫണ്ട്- 50000) | ബിജുകുമാർ, മണ്ണൂർ.<br>എം.ബുക്ക് നം.134/15-16<br>ബിൽ നം.64/15-16/ 28.3.16- രൂ.97381<br>ബിൽ നം.70/28.3.16- രൂ.50000 | 7.25m3<br>@7058.78/m3<br>= 51176.16 | @6699.76/m3<br>= 48573.26 | 2603 |
| ആകെ | | | | | 71731 |

മേൽ പറഞ്ഞ പ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുകകൾ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും സാങ്കേതികാനുമതി നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (3-15) മരാമത്ത് പ്രവൃത്തി - കുഴിച്ചെടുത്ത മണ്ണിന്റെ അളവ് പ്രവൃത്തിയിൽ കുറവുചെയ്തിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികളിൽ മണ്ണ് കുഴിക്കലും മണ്ണ് ഫില്ലിംഗും ഒരേ പ്രവൃത്തിയിൽ ചെയ്തിട്ടുണ്ട്. എന്നാൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമായിരിക്കവെ, ആയത് അതേ പ്രവൃത്തിയിൽ ഉപയോഗിച്ചതായി കാണിക്കാതെ, പുറത്തുനിന്നും വേറെ മണ്ണ് കൊണ്ടുവന്ന് ഫില്ലിംഗ് നടത്തിയതായി രേഖപ്പെടുത്തി തുക നൽകിയിരിക്കുന്നു. ആയത് ശരിയല്ല. കുഴിച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമായിരുന്നതിനാൽ പ്രസ്തുത മണ്ണിന്റെ അളവ് കുറവുചെയ്തതിനു ശേഷം ഫില്ലിംഗിന് ബാക്കി ആവശ്യമുള്ള മണ്ണ് മാത്രമേ ഇറക്കേണ്ടതുള്ളൂ. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കൺവീനർക്ക് അധികതുക നൽകാനിടയായി. വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. അംബേദ്ക്കർ കോളനി സംരക്ഷണപ്രവൃത്തി

| | |
|---|---|
| പ്രൊജക്ട് നം. | S.84/16 |
| അടങ്കൽ തുക | രൂ.300000 (വികസനഫണ്ട്) |
| കൺവീനർ | കാഞ്ചനവല്ലി, വള്ളോക്കനാടിൽ കിഴക്കേചിറ |
| എം.ബുക്ക് നം. | 150/15-16 |
| ചെലവുവിവരം | ബിൽ നം.67/28.3.16- രൂ.297372 |

പ്രൊജക്ട് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

(എ) പ്രവൃത്തിയുടെ ഒന്നാം ഇനമായി 21.47m3 മണ്ണ് ഫൗണ്ടേഷനുവേണ്ടി കുഴിച്ചുമാറ്റിയിട്ടുണ്ട്. ഈ മണ്ണ് എന്തു ചെയ്തുവെന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. നാലാം ഇനമായി 50.4m3 മണ്ണ് പുറത്തുനിന്നും കൊണ്ടുവന്ന് ഫില്ലിംഗ് നടത്തിയതിന് തുക അനുവദിച്ചിട്ടുമുണ്ട്. എന്നാൽ, കുഴിച്ചെടുത്ത മണ്ണിന്റെ അളവ് കുറവുചെയ്യാതെയാണ് പ്രതിഫലം കണക്കാക്കിയത്. പ്രവൃത്തിയിൽ പവർ റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ നടത്തിയതായി രേഖയുമില്ല. ആയതിനാൽ ഷ്രിംങ്കേജ് ആയി മണ്ണിന്റെ 20%കുറവുചെയ്യേണ്ടിയിരുന്നു. അപ്രകാരം ചെയ്തിട്ടുമില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കുഴിച്ചുമാറ്റിയ മണ്ണിന്റെ അളവ്- 21.47m3<br>മണ്ണ് ഫില്ലിംഗിന് നൽകിയ തുക- 50.40m3 ലിമിറ്റ് ചെയ്ത് 45.36m3-ന് 469.55/m3 നിരക്കിൽ 21298.79രൂപ | അനുവദിക്കാവുന്ന തുക-<br>50.40-21.47=28.93m3<br>(-)20%=5.786m3<br>23.144m3<br>@469.55/m3=10867.27 | അധികം നൽകിയ തുക =10431.52രൂപ |

അധികമായി നൽകിയ 10432രൂപ കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

(ബി) പ്രവൃത്തിയുടെ പൂർത്തീകരണത്തിനുശേഷം കൺവീനർ ഹാജരാക്കേണ്ടിയിരുന്ന ആധികാരിക രേഖകൾ ലഭ്യമാക്കിയിട്ടില്ല. മണ്ണ്, എം.സാന്റ്, മെറ്റിൽ എന്നിവയുടെ വ്യാജവൗച്ചറുകൾ തയ്യാറാക്കി ഫയലിൽ ഇട്ടിട്ടുണ്ട്. വെള്ളപേപ്പറിൽ തയ്യാറാക്കിയ ഈ രേഖയിൽ ആരുടേയും കൈയ്യൊപ്പില്ല. സിമന്റ് വാങ്ങിയതിന്റെയും കാഷ് ബില്ല് ഹാജരാക്കിയിട്ടില്ല.

(സി) ഗുണഭോക്തൃസമിതി കൂടിയതായി കാണിച്ചിരിക്കുന്ന മിനിറ്റ്സ് ബുക്കിൽ ഏതാനും വ്യക്തികളുടെ പേരും ഒപ്പും

മാത്രമാണുള്ളത്. തീരുമാനങ്ങളില്ല. വരവുചെലവു കണക്കുകൾ കമ്മറ്റിയിൽ അവതരിപ്പിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

(ഡി) എഗ്രിമെന്റുകൾ അപൂർണ്ണമാണ്. കമ്മറ്റിയംഗങ്ങൾ പേരെഴുതി ഒപ്പുവെച്ചിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ 10432രൂപ നിരാകരിക്കുകയും ബാക്കി ചെലവ് 286940രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.

2. ചാലക്കുഴി ശ്രീകുറുമ്പക്കാവ് മുട്ടിഭാഗം റോഡ് പുനരുദ്ധാരണം

| | |
|---|---|
| പ്രൊജക്ട് നം. | S.133/16 |
| അടങ്കൽ തുക | രൂ.250000 (മെയിന്റനൻസ് ഗ്രാന്റ്) |
| കൺവീനർ | ആനന്ദൻ, ഞവരാന്തിയിൽ |
| എം.ബുക്ക് നം. | 176/15-16 |
| ചെലവുവിവരം | ബിൽ നം.54/23.3.16- രൂ.249943 |

(എ) പ്രവൃത്തിയുടെ അപ്പന്റിക്സ്-എ, ഒന്നാം ഇനമായി 5.97m3 മണ്ണ് കുഴിച്ചുമാറ്റിയതിന് തുക നൽകിയിട്ടുണ്ട്. ഈ മണ്ണ് ഫില്ലിംഗിന് ഉപയോഗയോഗ്യമായിരിക്കവെ 281.40m3 മണ്ണ് പുറത്തുനിന്നും കൊണ്ടുവന്ന് ഫില്ലിംഗ് നടത്തിയതായി കാണിച്ച് 280m3-ന് 469.55/m3 നിരക്കിൽ 131474രൂപ കൺവീനർക്ക് അനുവദിച്ചു. 281.40m3-ൽ നിന്ന് 5.97m3 കുറച്ച് ബാക്കി 275.43m3-നുള്ള 129328.16രൂപ മാത്രമേ അനുവദിക്കേണ്ടതുള്ളൂ. 2146രൂപ അധികം നൽകി. ആയത് തിരികെ ഈടാക്കേണ്ടതാണ്.

(ബി) ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൗച്ചറുകളെല്ലാം വ്യാജമാണ്. വെള്ളപേപ്പറിൽ എഴുതിയ രസീതുകളിൽ ആരുടേയും പേരും ഒപ്പുമില്ല. വരവുചെലവുകണക്കുകൾ തയ്യാറാക്കുകയോ കമ്മറ്റി അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

ആയതിനാൽ 2146രൂപ ഓഡിറ്റിൽ നിരാകരിക്കുകയും ബാക്കി ചെലവ് 247797രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.

## (3-16) മരാമത്തുപ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല - രേഖകൾ അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ നം.1047/ഡി.എ.1/13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി. എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ

എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനം, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും സുതാര്യതയില്ലാത്തതാണ്.

താഴെ പറയുന്ന മരാമത്തുപ്രവൃത്തികളുടെ നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, വൗച്ചറുകൾ, മസ്റ്റർ റോൾ, സംയുക്ത അക്കൗണ്ടിന്റെ പാസ് ബുക്ക് മുതലായവ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റുകൾ പൂർണ്ണമായി എഴുതാതെയും ഗുണഭോക്തൃകമ്മറ്റി അംഗങ്ങൾ ഒപ്പിടാതെയും കാണുന്നു. വരവ്-ചെലവ് കണക്കുകൾ ഗുണഭോക്തൃകമ്മറ്റി യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയാണ്. പ്രവൃത്തിയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി, കൺവീനർ | എം.ബുക്ക്, ബിൽ നം.,തീയതി | ചെലവുതുക |
|---|---|---|
| S.95/16-പകൽ വീട്(പന്നിക്കുഴി പാലം) പുനരുദ്ധാരണം.<br>(വൽസലാകുമാരി, അംഗൻവാടി ടീച്ചർ) | നം.48/15-16<br>ബിൽ നം.33/30.1.16 | 487577 |
| S.29/16-കാട്ടൂർ പടി(മിനി സ്റ്റേഡിയം) പുത്തൻതോട് ടാറിംഗ്.<br>(സി.വി.മാത്യു, ചെമ്പരത്തിമൂട്ടിൽ) | നം.108/15-16<br>ബിൽ നം.88/31.3.16 | 246146 |
| S.61/16-വേങ്ങൽ എം.റ്റി.എൽ.പി.എസ് മുണ്ടപ്പള്ളി കോളനി റോഡ് പുനരുദ്ധാരണം.<br>(ചെറിയാൻ.കെ.മാത്യു, കുടത്തിങ്കൽ) | നം.107/15-16<br>ബിൽ നം.94/31.3.16 | 320943 |
| S.69/16-പന്നിക്കുഴി ഉറവാരത്തിൽ റോഡ് പുനരുദ്ധാരണം.<br>(അരുൺകുമാർ, തുമ്പയിൽ) | നം.235/15-16<br>ബിൽ നം.77/31.3.16-2,00,000<br>ബിൽ നം.93/31.3.16-95,698 | 295698 |
| S.73/16-വെള്ളൂച്ചേരിൽ പടി കുനംപ്ലാവ് റോഡ് പുനരുദ്ധാരണം.<br>(എൻ.ഫിലിപ്പ് -വിലാസം വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിലില്ല) | നം.193/15-16<br>ബിൽ നം.73/29.3.16 | 100000 |
| S.143/16-പനച്ചയിൽ പടി തെക്കേ ഇറുകയിൽ പടി | നം.194/15-16<br>ബിൽ നം.49/22.3.16 | 99881 |

| | | |
|---|---|---|
| റോഡ് പുനരുദ്ധാരണം.<br>(വർഗീസ്.കെ.വി- വിലാസം വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിലില്ല) | | |
| S.55/16-പുരയ്ക്കൽ പടി മണക്കുപറമ്പിൽ പടി റോഡ് പുനരുദ്ധാരണം.<br>(തോമസ്, മണക്കുപന്ത്രണ്ടിൽ) | എം.ബുക്കും വർക്ക് ബില്ലും ഹാജരാക്കിയിട്ടില്ല.<br>ബിൽ നം.59/28.3.16 | 200000 |
| S.83/16-ചാലക്കുഴി കോളനി സൈഡ് ഫില്ലിംഗ്.<br>(ശ്രീമതി രമ- വിലാസം വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിലില്ല) | നം.159/15-16<br>ബിൽ നം.52/29.3.16 | 75000 |
| S.58/16-കട്ടപ്പുറത്ത് ചിറപ്പടി കാഞ്ഞിരത്തുംമൂട്ടിൽ റോഡ് സെക്കന്റ് റീച്ച്.<br>(കൺവീനറുടെ പേരും വിലാസവും വ്യക്തമാക്കുന്ന യാതൊരു രേഖയും ഫയലിലില്ല) | നം.225/15-16<br>ബിൽ നം.66/28.3.16 | 197673 |
| S.113/16-പോത്തിരിക്കൽ പടി ചിറയിൽ പടി റോഡ് റീടാറിംഗ്.<br>(ശോശാമ്മ ഷാജി, വലിയപറമ്പിൽ) | നം.168/15-16<br>ബിൽ നം.55/29.3.16 | 169548 |
| S.82/16-ഞവരന്തി പടി കളത്തിപ്പടി റോഡ് പുനരുദ്ധാരണം.<br>(നിമേഷ് ഗോപൻ, നെട്ടുവേലിക്കുഴി) | നം.181/15-16<br>ബിൽ നം.53/23.3.16 | 248522 |
| S.36/16-സെന്റ് ജോർജ് ചേലക്കാപ്പള്ളി റോഡ് പുനരുദ്ധാരണം.<br>(മനേഷ് കുമാർ, ചേലക്കാപ്പള്ളിൽ) | നം.10/15-16<br>ബിൽ നം.48/22.3.16 | 149174 |
| S.149/16-ചെരുപ്പേരിൽ പടി വളയംപറമ്പിൽ പടി റോഡ്.<br>(ഉദയൻ, വളയംപറമ്പിൽ) | നം.112/15-16<br>ബിൽ നം.43/19.2.16 | 77747 |
| S.80/16-തണങ്ങാട്ട് അടിച്ചിക്കാട് റോഡ് പുനരുദ്ധാരണം. | നം.119/15-16<br>ബിൽ നം.45/11.2.16 | 344831 |

| | | |
|---|---|---|
| (കൊച്ചുകുഞ്ഞ്, നടുവിലേപറമ്പിൽ) | | |
| S.77/16-കൈപ്പേരിപടി ചർച്ച് ഓഫ് ഗോഡ് റോഡ് പുനരുദ്ധാരണം.<br>(ബാബു, ചൂരക്കാട്ടിൽ) | നം.110/15-16<br>ബിൽ നം.47/11.2.16 | 297977 |
| ആകെ ചെലവുതുക | | 3310717 |

പ്രസ്തുത രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച മേൽപറഞ്ഞ തുക ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. കൃത്യവും ആധികാരികവുമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## (3-17) മരാമത്തുപ്രവൃത്തിയുടെ ഫയലുകൾ ഹാജരാക്കാത്തത്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറയുന്ന പ്രൊജക്ടുകളുടെ ഫയലുകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

| പ്രവൃത്തി | ബിൽ/ചെക്ക് നം. | ചെലവുതുക |
|---|---|---|
| S.28/16-പാലംപള്ളിപ്പടി ബി.പി.ഡി.സി.റോഡ് കോൺക്രീറ്റിംഗ്. | നം.61/28.3.16<br>നം.57/28.3.16 | 148956<br>50000 |
| S.38/16-ചാരുംമൂട്ടിൽ പടി കുളിക്കടവ് റോഡ് പുനരുദ്ധാരണം | നം.60/28.3.16<br>ചെക്ക് നം.2723942 | 60000<br>20000 |
| S.56/16-പുരയ്ക്കൽ പടി കരുമാലി പടി നടപ്പാത പുനരുദ്ധാരണം | നം.50/22.3.16 | 99048 |
| S.86/16-മാനങ്കേരി കുമ്പുംമൂട് റോഡ് പുനരുദ്ധാരണം | നം.44/29.2.16 | 299749 |
| S.157/16-തോണിക്കടവ് കോണത്തുചിറ പനച്ചയിൽ റോഡ് പുനരുദ്ധാരണം | നം.81/31.3.16 | 184309 |
| S.159/16-ചർച്ച് ഓഫ് ഗോഡ് കൈതക്കാട്ടുപടി റോഡ് റീച്ച്-3 | നം.80/31.3.16 | 91178 |
| ആകെ | | 953240 |

മേൽപറഞ്ഞ ഫയലുകൾ ഹാജരാക്കാൻ നിർദ്ദേശിച്ചുകൊണ്ട് 16.12.16-ൽ ഓഡിറ്റ് റിക്വസിഷൻ നൽകിയെങ്കിലും ഫയലുകളും ബന്ധപ്പെട്ട രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും, ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12(1), 12(2) എന്നിവ പ്രകാരം, ഓഡിറ്റിൽ രേഖാമൂലം ആവശ്യപ്പെട്ട ഫയലുകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് കണക്കാക്കാവുന്നതാണ്. ആയതിനാൽ മേൽപറഞ്ഞ ചെലവുകൾ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## (3-18 ) ചാത്തങ്കേരിക്കടവ് ഐരാമ്പള്ളി റോഡ് പുനരുദ്ധാരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.47/16 |
| കോൺട്രാക്ടർ | അനിൽ.വി.വർഗീസ്, വലിയപറമ്പിൽ (24.99%കുറവ്) |

| | |
|---|---|
| എം.ബുക്ക് | 177/15-16 |
| ചെലവുവിവരം | ബിൽ നം.68/28.3.16- രൂ.562575(ലോകബാങ്ക് സഹായം) |

പ്രൊജക്ട് ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(എ) പ്രവൃത്തിയുടെ അപ്പന്റിക്സ്-എ, ഒന്നാം ഇനമായി 19.64m3മണ്ണ് കുഴിച്ചുമാറ്റിയതിന് പ്രതിഫലം നൽകിയിട്ടുണ്ട്. അപ്പന്റിക്സ്-ബി, ഒന്നാം ഇനമായി 176.76m3മണ്ണ് ഫില്ലിംഗിന് 173m3-ൽ ലിമിറ്റ് ചെയ്ത് 93416.54രൂപ അനുവദിച്ചിട്ടുണ്ട്. കുഴിച്ചുമാറ്റിയ മണ്ണിന്റെ അളവ് കുറവുചെയ്തിട്ടില്ല. 176.76-19.64=157.12m3 മണ്ണ് ഫില്ലിംഗിനുള്ള തുക 84841.66രൂപ (@539.98/m3) മാത്രമാണ് അനുവദനീയം. അധികം നൽകിയ 8575രൂപ കോൺട്രാക്ടറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ബി) അപ്പന്റിക്സ്-സി, രണ്ടാം ഇനമായി 1:2:4അനുപാതത്തിൽ റോഡ് കോൺക്രീറ്റിംഗിന് 8117.59/m3 രൂപ നിരക്കിൽ പ്രതിഫലം നൽകി. പത്തനംതിട്ട ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ആയതിനാൽ കൺവീനർ പ്രവൃത്തികളിൽ 6699.66/m3 എന്ന നിരക്കും സി.പി.ഉൾപ്പെടെ 7704.61/m3 എന്ന നിരക്കുമാണ് അനുവദനീയം. 22.5m3-ന് 173353.73രൂപ (ടെണ്ടർ കുറവ് 24.99%കുറച്ച് 130032.63രൂപ) നൽകേണ്ടതിനു പകരം 8117.59രൂപ നിരക്കിൽ 182645.78രൂപ(ടെണ്ടർ കുറവ് 24.99%കുറച്ച് 137002.60രൂപ) നൽകി. അധികമായി നൽകിയ 6970രൂപ കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതാണ്.

മേൽപറഞ്ഞുപ്രകാരം നിരാകരിച്ച 15545രൂപ കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയാകുന്നതാണ്.

## (3-19) പി.എം.വി.സ്കൂൾ- തോപ്പിൽ പോത്തിരിക്കൽ പടി റോഡ് പുനരുദ്ധാരണം- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.134/16 |
| കൺവീനർ | ഗോപി, തോപ്പിൽ കിഴക്കേ പോത്തിരിക്കൽ |
| എം.ബുക്ക് നം. | 180/15-16 |
| ചെലവുവിവരം | ബിൽ നം.75/28.3.16- രൂ.324387 |

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

(എ) പ്രവൃത്തിയുടെ നാലാം ഇനമായി മണ്ണ് ഫില്ലിംഗ് നടത്തിയതിന് തുക അനുവദിച്ചിട്ടുണ്ട്. 49.95m3 മണ്ണ് ഇറക്കിയതിന് 47m3-ൽ ലിമിറ്റ് ചെയ്ത് 469.55/m3 നിരക്കിൽ 22068.85രൂപ നൽകി. എന്നാൽ യാതൊരു വിധമായ കൺസോളിഡേഷനും നടത്തിയിട്ടില്ല. കൺസോളിഡേഷൻ നടത്താത്ത സാഹചര്യത്തിൽ 20% ഷ്രിംങ്കേജ് കുറവുചെയ്യേണ്ടിയിരുന്നു. 20% ഷ്രിംങ്കേജ് കുറച്ച് 39.96m3-ന് 18763.22രൂപ മാത്രമാണ് അനുവദനീയം. അധികം നൽകിയ 3306രൂപ കൺവീനറിൽ നിന്നും ഈടാക്കേണ്ടതാണ്.

(ബി) കൺവീനർ ഹാജരാക്കേണ്ടിയിരുന്ന ബില്ലുകളും വൗച്ചറുകളും അപൂർണ്ണമാണ്. സിമന്റ് വാങ്ങിയതിന്റെ ബില്ലില്ല. വൗച്ചറുകൾ കൺവീനറും അസിസ്റ്റന്റ് എഞ്ചിനീയറും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. മസ്റ്റർ റോൾ ആരോ തയ്യാറാക്കിയത് ഫയലിലുണ്ടെങ്കിലും തൊഴിലാളികൾ ഒപ്പു വെച്ചിട്ടില്ല. ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്കും സംയുക്ത അക്കൗണ്ടിന്റെ പാസ് ബുക്കും വാങ്ങി സൂക്ഷിച്ചിട്ടില്ല.

(സി) എഗ്രിമെന്റുകൾ അപൂർണ്ണമാണ്. വിവരങ്ങൾ ഒന്നും രേഖപ്പെടുത്താത്ത മുദ്രപ്പത്രങ്ങളാണ് ഫയലിലുള്ളത്.

പ്രസ്തുത സാഹചര്യത്തിൽ 3306രൂപ നിരാകരിക്കുകയും ബാക്കി ചെലവ് 321081രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.

## (3-20) മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു

ഗ്രാമപഞ്ചായത്ത് കെട്ടിടം വിപുലീകരിക്കാൻ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചു. മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.[ജി.ഒ.(എം.എസ്) 330/2004/

ത.സ്വ.ഭ.വ/തീയതി.9.12.2004, സർക്കുലർ നം.75326/ FM-1/2007/ത.സ്വ.ഭ.വ/30.1.2008]. ആയതു പ്രകാരം പഞ്ചായത്തിന്റെ ആസ്തികൾ വർദ്ധിപ്പിക്കുന്നതിന് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാൻ പാടില്ല. പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ ആസ്തി സംരക്ഷണത്തിന് പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്. ഇതിനു വിരുദ്ധമായി ഗ്രാമ പഞ്ചായത്തിന്റെ തന്നെ ആസ്തി വർദ്ധിപ്പിക്കുന്നതിന് തുക ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ട്രെയിനിംഗ് സെന്റർ പുനരുദ്ധാരണം

| | |
|---|---|
| പ്രൊജക്ട് നം. | S.112/16 (സ്പിൽ ഓവർ S.88/15) |
| കൺവീനർ | തോമസ് ചാക്കോ, കൊച്ചിപറമ്പിൽ |
| ചെലവു വിവരം | ബിൽ നം.1/13.7.15- രൂ.748907 |

ട്രെയിനിംഗ് സെന്റർ പുനരുദ്ധാരണം എന്ന പേരിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ മുകൾനിലയിൽ ജി.ഐ.ഷീറ്റ് മാറിയിടുന്നതിനും, കെട്ടിടത്തിന്റെ മുൻഭാഗത്ത് അലൂമിനിയം കോംപസിറ്റ് പാനൽ(ACP), സഫയർ റിഫ്ലക്ടീവ് ഗ്ലാസ് ഫിറ്റിംഗ്, നെയിംബോർഡ് എന്നിവ സ്ഥാപിക്കുന്നതിനും മറ്റുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയത് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയുടെ ലംഘനമാണ്.

2. വനിതാ കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം

| | |
|---|---|
| പ്രൊജക്ട് നം. | S.92/16 |
| കൺവീനർ | തോമസ് ചാക്കോ, കൊച്ചിപറമ്പിൽ |
| ചെലവു വിവരം | ബിൽ നം.76/31.3.16- രൂ.456191 |

വനിതാ കമ്മ്യൂണിറ്റി ഹാൾ എന്ന പേരിൽ മേൽപറഞ്ഞ കെട്ടിടത്തിന്റെ മുകൾനിലയിൽ തന്നെ പി.വി.സി ഫാൾസ് സീലിംഗ് നടത്തുന്നതിനും, ഫ്ലോർ ടൈൽസ് ഇടുന്നതിനും പെയിന്റ് ചെയ്യുന്നതിനുമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

മേൽപറഞ്ഞ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19/15.12.16) മറുപടിയായി, പഞ്ചായത്ത് ഓഫീസിന്റെ മുകൾനിലയിലെ പ്രസ്തുത കെട്ടിടം ട്രെയിനിംഗ് പരിപാടികൾക്കും വനിതാ ശാക്തീകരണ പരിപാടികൾക്കും ഉപയോഗിക്കുന്നുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. മറുപടി അംഗീകരിക്കുന്നില്ല. ഭാവിയിൽ ഇപ്രകാരം മെയിന്റനൻസ് ഫണ്ട് പ്രസ്തുത കെട്ടിടത്തിനായി വിനിയോഗിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടവാക്കിയ തുക | ട്രഷറി ബിൽ നം., തീ. | നിർവ്വഹണ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 150/16 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 15 | 294477 | 15/15-16 20.10.15 | KSEB | പൂർത്തീകരണ വിവരം ഇല്ല |
| 2 | 126/16 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 418195 | DD 437986/20.2.16 437252/27.1.16- | KSEB | പൂർത്തീകരണ വിവരം ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | | വിവിധ വാർഡ് | | 360121/26.10.15<br>437255/27.1.16 | | |

## (4-2) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## (4-3) വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടവിന്റേയും തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

## (4-4) സ്ഥിരനിക്ഷേപങ്ങൾ

- ഇല്ല

## (4-5) ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2015-16 വർഷങ്ങളിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2002-03 | 3(d) | 3013 | കെ.കെ.ജോസഫ്<br>മുൻ സീനിയർ ക്ലാർക്ക് | 11501101462/15.09.15 |
| 2014-15 | 2-1 | 14848 | ജി.ഉണ്ണികൃഷ്ണൻ<br>മുൻ സെക്രട്ടറി | 11501102378/05.01.16 |

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## (4-7) ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 46345704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39621054 |
| വരവിനങ്ങളിലുള്ള നഷ്ടം | |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 45000 | ശ്രീമതി സുനിതാകുമാരി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-13 | | 5800 | ശ്രീമതി രാധ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | | 71731 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീമതി ഷൈജ.ബി, അസി.എക്സി. എഞ്ചിനീയർ |
| 3-15(1) | | 10432 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(2) | | 2146 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-17 | | 953240 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-18 | | 15545 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-19 | | 3306 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 1107200 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 65000 | ശ്രീ കുമാരസ്വാമി. അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 418195 | ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി |
| 3-9 | 877500 | ശ്രീ കുമാരസ്വാമി. അസിസ്റ്റന്റ് സെക്രട്ടറി |
| | 350000 | ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി |

| | | |
|---|---|---|
| 3-10 | 70000 | ശ്രീമതി ശ്രീലേഖ.എൽ.എച്ച്., സെക്രട്ടറി |
| 3-13 | 144200 | ശ്രീമതി രാധ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(1) | 286940 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15(2) | 247797 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | 3310717 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-19 | 321081 | ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 6091430 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ആർ.സുനിതാകുമാരി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ചാത്തങ്കരി | ഓംകാർ ഹൗസ്<br>തകഴി, ആലപ്പുഴ |
| ശ്രീമതി രാധ, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | ഷൈനി നിവാസ്<br>തുമ്പമൺ നോർത്ത് പി.ഓ<br>ഇലവുംതിട്ട |
| ശ്രീമതി ജോൺസി ജോർജ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ<br>പെരിങ്ങര | കോയിപ്പള്ളിത്തറയിൽ<br>എസ്.ഡി.ഭവൻ<br>ഇരമത്തൂർ.പി.ഓ, മാന്നാർ |
| ശ്രീമതി ഷൈജ.ബി, അസി.എക്സി. എഞ്ചിനീയർ | അസി.എക്സി. എഞ്ചിനീയർ<br>ശാസ്താംകോട്ട ബ്ലോക്ക് | ശ്രീപുരത്ത് വീട്<br>ഇളമ്പള്ളൂർ, കുണ്ടറ |

## **(4-8)** തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക |
|---|---|---|
| 1999-00 | എൽ.എഫ്.പി.റ്റി.എ. പി4 -198/03<br>തീയതി 16.08.03/12.12.04 | എല്ലാ ഖണ്ഡികകളും |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി4 -199/03 തീയതി<br>08.10.2004 | എല്ലാ ഖണ്ഡികകളും |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി4 -687/03 തീയതി 05.04.02/02.08.04 | 1 ഖണ്ഡിക |
| 2002-03 | എൽ.എഫ്.പി.റ്റി.എ. പി4 -686/03 തീയതി 13.11.06/26.03.07 | 6 ഖണ്ഡികകൾ |
| 2003-04(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി5-917/07<br>തീയതി 312.03.08/15.05.08 | 4 ഖണ്ഡികകൾ |
| 2005-06 | എൽ.എഫ്.പി.റ്റി.എ. പി6 -781/08<br>തീയതി 30.06.09 | 6 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -780/08<br>തീയതി 22.06.09 | 10 ഖണ്ഡികകൾ |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി6 -472/09/<br>തീയതി 04.08.09 | 11ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി6 -145/11<br>തീയതി 05.08.11 | എല്ലാ ഖണ്ഡികകളും |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ.പി11-425/13<br>തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി11 -426/13<br>തീയതി 11.09.13/03.05/14 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി4 -1053/14<br>തീയതി 16.01.15/09.02.15 | എല്ലാ ഖണ്ഡികകളും |
| 2013-14, 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.4-1123/15<br>തീയതി 04.12.15/08.12.15 | 8 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.4/1380 /2016 തീയതി 17/01/2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിങ്ങര ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

# AUDIT CERTIFICATE

No.KSAPTA P4/1380/2016 Dated 12/01/2017

Certified that I have Audited the Annual Financial Statement of Peringara Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Peringara Grama Panchayat for the year 2015-16 except the observations in this audit report properly presents the picture of income and expenditure.

Habeeb Muhammad

Deputy Director

Kerala State Audit Department

Pathanamthitta